(സി) സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് കൊടുക്കാൻ നിശ്ചയിച്ചിരുന്നത്; 55% ഷെയറിന് ആവശ്യമായ തുക നൽകാതിരുന്നതിനാൽ എത്ര കോടി രൂപയാണ് പലിശ ഇനത്തിൽ എയർ പോർട്ട് അതോറിറ്റിക്ക് പ്രതിമാസം കൊടുക്കേണ്ടിവരുന്നത്;

(ഡി) സംസ്ഥാന സർക്കാരിന് പണം ഇല്ലെങ്കിൽ കൂടുതൽ ഷെയറുകൾ എൻ.ആർ.ഐ. മാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിമാനത്താവളത്തിൽ എത്രപേരെ സ്ഥിരമായും താല്ക്കാലികമായും നിയമിച്ചിട്ടുണ്ട്; അവരുടെ പേരും പൂർണ്ണ വിലാസവും, വിദ്യാഭ്യാസ യോഗ്യതയും തസ്തികയും വ്യക്തമാക്കുമോ;

(എഫ്) ഇവരെ ഏത് ഏജൻസിയാണ് നിയമിച്ചതെന്നും അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 27.85 കോടി രൂപ.

(ബി) 1999 മാർച്ച് 31 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം വിമാനത്താവള കമ്പനിക്ക് പ്രവർത്തന നഷ്ടമോ പ്രവർത്തന ലാഭമോ ഇല്ല. 2000 മാർച്ച് 31-ന് ശേഷമേ ഈ ധനകാര്യ വർഷത്തെ കണക്കെടുപ്പു പൂർത്തിയാവുകയുള്ളൂ. അതിന് ശേഷം മാത്രമേ ലാഭമോ നഷ്ടമോ എന്നു തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) 45.9 കോടി രൂപയാണ് ഓഹരി മൂലധനമായി പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാരും കൂടി നൽകേണ്ടത്. അതിൽ 30.45 കോടി രൂപ കൊടുത്തിട്ടുണ്ട്. മൂലധന നിക്ഷേപമായി തുക നൽകാതിരുന്നതുകൊണ്ട് പ്രത്യേകിച്ച് പലിശയൊന്നും നൽകേണ്ടി വന്നിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച് ഉപദേശിക്കുന്നതിന് 'പ്രൈസ് വാട്ടർ ഹൗസ് സ്ക്കൂപ്പേഴ്സ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം കമ്പനിയുടെ ഡയറക്ടർ ബോർഡ് ഉചിതമായ നടപടി സ്വീകരിക്കും.

(ഇ) 202 പേരെ സ്ഥിരമായും 30 പേരെ താല്ക്കാലികമായും നിയമിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(എഫ്) ഇവരെ കമ്പനി നേരിട്ടാണ് നിയമിച്ചത്. എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് സ്ഥിര നിയമനം നടത്തിയിട്ടുള്ളത്. താല്ക്കാലിക നിയമനം 3 മാസത്തെ കരാർ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

(ജി) ഇല്ല. കാരണം ഇത് ഒരു പൊതുമേഖലാ സ്ഥാപനമായിരുന്നില്ല. ഇത് ഒരു പൊതുമേഖലാ സ്ഥാപനമാക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംവരണ തത്വം പാലിക്കുന്നതാണ്.

അന്തർസംസ്ഥാന ജലസേചന ചർച്ചകൾ

20 (1486) ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തമിഴ്നാടുമായി അന്തർസംസ്ഥാന ജലസേചനബന്ധത്തെക്കുറിച്ച് ചർച്ചകൾ നടത്തുവാൻ തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണെന്നും ആരൊക്കെയാണ് ചർച്ചയിൽ പങ്കെടുക്കുകയെന്നും വെളിപ്പെടുത്തുമോ;

(സി) ചർച്ചയിൽ ഉന്നയിക്കപ്പെടുന്ന നദീജല പ്രശ്നങ്ങൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പുതുതായി എന്തെങ്കിലും നിർദ്ദേശം തമിഴ്നാട് ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 2000 ഏപ്രിൽ 5-ന് തിരുവനന്തപുരത്തുവച്ച് ചർച്ച നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ചർച്ചയിൽ മുഖ്യമന്ത്രിയെക്കൂടാതെ തൊഴിൽ-ജലസേചന വകുപ്പുമന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി, വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി, വൈദ്യുതിയും സഹകരണവും വകുപ്പുമന്ത്രി എന്നിവർ പങ്കെടുക്കുന്നതാണ്.

(സി) ഏതെല്ലാം പ്രശ്നങ്ങൾ ചർച്ചയ്ക്കെടുക്കണമെന്നതിന്റെ രൂപരേഖ തയ്യാറായിവരുന്നതേയുള്ളൂ.

(ഡി) പുതിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

അണക്കെട്ടിലെ ജലനിരപ്പ് ഇപ്പോഴുള്ള +136 അടിയിൽ നിന്ന് ആദ്യപടിയായി +145 ആയും പിന്നീട് ക്രമേണ +152 അടിവരേയും ഉയർത്തുക എന്നാണ് തമിഴ്നാട് ആവശ്യപ്പെട്ടുവരുന്നത്.

ടെലിവിഷൻ ചാനലുകളുടെ റിപ്പോർട്ടർമാർക്ക് പ്രസ് അക്രെഡിറ്റേഷൻ

21(1487)ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന ടെലിവിഷൻ ചാനലുകളുടെ റിപ്പോർട്ടർമാർക്ക് പ്രസ് അക്രെഡിറ്റേഷൻ അനുവദിക്കാറുണ്ടോ; എങ്കിൽ ഇങ്ങനെ എത്രപേർക്ക് അക്രെഡിറ്റേഷൻ അനുവദിച്ചിട്ടുണ്ട്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മലയാളം ടി.വി. ചാനലുകളല്ലാതെയുള്ള മറ്റ് ടി.വി. ചാനലുകളുടെ റിപ്പോർട്ടർമാർക്ക് അക്രെഡിറ്റേഷൻ അനുവദിക്കുമോ;

(സി) ഔട്ട്സ്റ്റേഷൻ പത്രങ്ങളുടെ ലേഖകർക്ക് അക്രെഡിറ്റേഷൻ അനുവദിച്ചിട്ടുള്ളതുപോലെ കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ ഭാഷാ ചാനലുകളുടെ ലേഖകർക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നാലുപേർക്ക്.

1. എം.പി. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly